യന്ത്രകൈത്തറി മേഖലയിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

126 (2038) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യന്ത്രത്തറി മേഖലയിൽ പ്രവർത്തിച്ചു വരുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) യന്ത്രത്തറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മറ്റു വിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്ന വിധത്തിലുള്ള സാമൂഹിക സുരക്ഷിതത്വ സഹായങ്ങൾ പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് നല്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എത്രവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിനിമം വേതന നിയമം അനുശാസിക്കുന്ന വേതനം ഇവർക്കു നൽകുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ നിർണ്ണയിച്ചിരിക്കുന്നത് പ്രധാനമായിട്ടും 1948-ലെ ഫാക്ടറീസ് നിയമപ്രകാരമാണ്. ഇതിനു പുറമേ മെറ്റേർണിറ്റി നിയമം, ഗ്രാറ്റുവിറ്റി നിയമം, ദേശീയ ഉത്സവാവധി നിയമം, ബോണസ് നിയമം, പ്രോവിഡന്റ് ഫണ്ട് നിയമം, ഇ. എസ്. ഐ. നിയമം എന്നിവയുടെ പരിരക്ഷയും ലഭിക്കുന്നുണ്ട്. കൂടാതെ തൊഴിലിനിടയിലുണ്ടാകുന്ന അപകടങ്ങൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതുമാണ്.

(ബി) ഇല്ല.

(സി & ഡി) ഈ വിഭാഗം തൊഴിലാളികൾ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നതിനാൽ അതുപ്രകാരമുള്ള ആരോഗ്യം, സുരക്ഷ, ക്ഷേമ വ്യവസ്ഥകൾ എന്നിവയ്ക്ക് അർഹതയുണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly